# ‘വൃക്ഷം’

## ലൂക്കോസ് 6:44

“ഏതു വൃക്ഷത്തെയും ഫലം കൊണ്ടു അറിയാം. മുള്ളിൽനിന്നു അത്തിപ്പഴം ശേഖരിക്കുകയും ഞെരിഞ്ഞിലിലിൽ നിന്നു മുന്തിരിങ്ങാ പറിക്കയും ചെയ്യുമാറില്ലല്ലോ.”

‘ഏതു വൃക്ഷത്തെയും ഫലം കൊണ്ട് അറിയാം’. ഫലം, ഒരു വൃക്ഷത്തിന്റെ അതി പ്രധാനവും, അതോടൊപ്പം ആസ്വാദകരവുമായ ഭാഗം. ഫലം നിറഞ്ഞു തുളുമ്പി നിൽക്കുന്ന ഒരു വൃക്ഷത്തിന്റെ ഭംഗി പറഞ്ഞറിയിക്കേണ്ട ആവശ്യകതയില്ല.

ദൈവവചനം പഠിപ്പിക്കുന്നു. ‘ഞാൻ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും’. കർത്താവാകുന്ന മുന്തിരിച്ചെടിയിൽ വസിച്ചുകൊണ്ട് ഫലം കായ്ക്കുക എന്നതാണ് നമ്മെക്കുറിച്ചുള്ള ദൈവികോദ്ദേശ്യം. അങ്ങനെയെങ്കിൽ ഓരോരുത്തരെയും കണ്ടാൽ അവന്റെ വൃക്ഷം ഏതെന്ന് തീർച്ചയായും തിരിച്ചറിയാം. കർത്താവിനോട് ചേർന്നുനിന്ന് ഫലം പുറപ്പെടുവിക്കുന്ന ഒരു ജീവിതമാണോന്ന് ശോധന ചെയ്യാൻ ഈ വചനം നമ്മെ സഹായിക്കട്ടെ.

ഒരു മുന്തിരി തോട്ടത്തിനു വേണ്ട സകല പരിപാലനവും കൊടുത്തിട്ടും കായ്ച്ചത് കാട്ടുമുന്തിരിങ്ങ ആയിരുന്നുവെന്ന് യെശയ്യാപ്രവചനം വിളിച്ചു പറയുന്നു. അതെ, കർത്താവ് സാക്ഷാൽ മുന്തിരിവള്ളിയും, പിതാവ് തോട്ടക്കാരനും ആകുന്നു. നല്ല ഫലം കായ്ക്കാൻ, മേൻമയുള്ളത് പുറപ്പെടുവിക്കാൻ അവൻ ദിനം തോറും നമ്മെ പരി പാലിക്കുന്നില്ലേ? എത്ര മനോഹരമായ അനുഭവം. വളവും, വെള്ളവും, ചെത്തിമിനുക്കലും എല്ലാം ഈ അനുഭവത്തിന്റെ ഭാഗങ്ങളാകുന്നു. കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കി കളയുന്നു. കായ്ക്കുന്നതോ അധികഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു.

അധികഫലം കായ്ക്കേണ്ടതിന്റെ ആവശ്യകത നാം കണ്ടു. അതിനായി ഒരു മിനുക്കു പണിയിലൂടെയും അവൻ കടത്തി വിടുന്നു. ജീവിതത്തിന്റെ ഏത് മണ്ഡലങ്ങളിലാണോ കർത്താവിന്റെ ഈ ചെത്തിമിനുക്കൽ ആവശ്യമായിരിക്കുന്നതെന്ന് ദിനം തോറും ശോധന ചെയ്യേണ്ടതാകുന്നു. മാത്രമല്ല, അതിനായി ദൈവകരങ്ങളിലേക്ക് പൂർണ്ണമായ സമർപ്പണവും ആവശ്യമാകുന്നു.

നാം ഒരു വൃക്ഷഫലത്തെ ശ്രദ്ധിക്കുമ്പോൾ അവ കാണ്മാൻ ഭംഗിയുണ്ടോ എന്ന് നിരീക്ഷിക്കും. പിന്നീട് അതിന്റെ നിറം, മണം, സ്വാദ് അങ്ങനെ എല്ലാം പ്രധാന ഘടകങ്ങളാകുന്നു. ഇവയെല്ലാം ഒത്തുചേർന്ന് അതിന്റെ ശരിയായ

അനുപാതത്തിലായെങ്കിലേ നല്ലൊരു ഫലത്തിന്റെ ആസ്വാദനം ലഭിക്കുകയുള്ളു. അതിനായി ഒരു തോട്ടക്കാരൻ അവയ്ക്കു വേണ്ടുന്നതെല്ലാം യഥാസമയത്ത് കൊടുത്ത് സംരക്ഷിക്കും. പിന്നീട് തക്ക സമയത്ത് വൃക്ഷഫലത്തിന്റെ വിളവെടുപ്പ് നടക്കുമ്പോൾ ഇച്ഛിക്കുന്നതുപോലെ ലഭിക്കുമ്പോൾ യജമാനന്റെ ഹൃദയം സന്തോഷം കൊണ്ട് നിറയും. ക്രിസ്തീയജീവിതാനുഭവവും ഇതേ പ്രക്രിയയിലൂടെ തന്നെയാണ് കടന്നു പോകുന്നത്. കർത്താവിന്റെ ഹിതപ്രകാരം ജീവിക്കാൻ ആ കരങ്ങളിലേക്ക് സമർപ്പിക്കുമ്പോൾ ദൈവത്തിന്റെ ബലമുള്ള കരങ്ങൾ തന്റെ മക്കളുടെ ജീവിതത്തിൽ വൻകാര്യങ്ങൾ പ്രവർത്തിക്കാനായി ഉയരും. അപ്പോൾ നമ്മുടെ ജീവിതം കൊണ്ട് ആഗ്രഹിക്കുന്ന ഫലം പുറത്തേയ്ക്ക് ഒഴുകും. അത് ഭംഗിയുള്ളതാകും, ആകർഷകമായിരിക്കും, ആസ്വാദകരമായിരിക്കും.

ഗലാത്യർ 5:22 കാണുന്നതുപോലെ ആത്മാവിന്റെ ഒൻപതു ഫലവും അധികമായി ജീവിതത്തിൽ നിറയും. നമ്മുടെ ജീവിതം അനേകരുടെ മുമ്പിൽ ഒരു സാക്ഷ്യമായി തീരണം. ഈ സാക്ഷ്യം ആകുന്ന ഫലം കൊണ്ട് ക്രിസ്തുവാകുന്ന വൃക്ഷത്തെയാണ് ലോകത്തിന് വെളിപ്പെടുത്തുന്നത്. ഭംഗിയുള്ള, ആസ്വാദകരമായ, ആകർഷകമായ അധികഫലം പുറപ്പെടുവിച്ചുകൊണ്ട് കർത്താവിന്റെ നല്ല സാക്ഷികളായി നിലകൊള്ളാം. 'വൃക്ഷത്തെ ഫലംകൊണ്ട് തിരിച്ചറിയുന്ന' വലിയ ഭാവത്തിലേക്ക് ഉയരാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 104:16,17

യഹോവയുടെ വൃക്ഷങ്ങൾക്കു തൃപ്തിവരുന്നു; അവൻ നട്ടിട്ടുള്ള ലെബാനോനിലെ ദേവദാരുക്കൾക്കു തന്നേ. അവിടെ പക്ഷികൾ കൂടുണ്ടാക്കുന്നു; പെരുഞാറെക്കു സരളവൃക്ഷങ്ങൾ പാർപ്പിടമാകുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 026**